**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1475**

06.03.2020 ൽ മറുപടിയ്ക്ക്

## തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള തീരുമാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ് :** | | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ) | |
| (എ) | തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ; | (എ) | തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. നിലവിൽ 2001-ലെ കാനേഷുമാരി അനുസരിച്ചുള്ള ജനസംഖ്യക്ക് ആനുപാതികമായിട്ടാണ് 1118 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ നിജപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ചട്ടങ്ങൾ പ്രകാരം ഏറ്റവും അവസാനം നടന്ന കാനേഷുമാരി പ്രകാരമാണ് വാർഡുകളുടെ എണ്ണം നിജപ്പെടുത്തേണ്ടത്. അതിൻ പ്രകാരം 2011-ൽ നടന്ന കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ വാർഡുകളുടെ എണ്ണം പുനർനിർണ്ണയം നടത്താൻ സർക്കാർ തീരുമാനിച്ചു. |
| (ബി) | ഈ തീരുമാനം മൂലം ത്രിതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ എത്ര വാർഡുകളാണ് അധികമായി രൂപീകൃതമാകുന്നത് എന്നറിയിക്കാമോ; | (ബി) | ഈ തീരുമാനം മൂലം ഗ്രാമ പഞ്ചായത്തുകളിൽ 1379 വാർഡുകൾ പുതിയതായി രൂപീകരിക്കപ്പെടുന്നു. എന്നാൽ നിലനിന്നിരുന്ന വാർഡുകളിൽ 3 എണ്ണം കുറവ് വരുന്നു. നിലവിലുള്ള ആകെ വാർഡുകളുടെ എണ്ണം 15962-ൽ നിന്നും 17338 ആയി മാറുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ 187, ജില്ലാ പഞ്ചായത്തുകളിൽ 15 എന്നിങ്ങനെ ഡിവിഷനുകൾ പുതിയതായി രൂപീകരിക്കപ്പെടുന്നു. മുനിസിപ്പാലിറ്റികളിൽ 128, മുനിസിപ്പൽ കോർപ്പറേഷനുകളിൽ 7 എന്നിങ്ങനെ വാർഡുകൾ പുതിയതായി രൂപീകരിക്കപ്പെടുന്നു. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആകെ 1716 വാർഡ് / ഡിവിഷനുകൾ വർദ്ധിക്കുന്നു. ഗ്രാമ പഞ്ചായത്തുകളിൽ 3 വാർഡുകൾ കുറയുന്നതിനാൽ വ്യത്യാസം 1713 |

| | | | |
|---|---|---|---|
| | | | ആയിരിക്കും |
| (സി) | വാർഡുകളുടെ പുനർവിഭജനം നടത്തുമ്പോൾ ഉണ്ടാകുന്ന പരാതികൾ കേട്ട് തീർപ്പ് കല്പിക്കുവാൻ ഡീലിമിറ്റേഷൻ കമ്മീഷന് ജില്ലകൾ തോറും യോഗം ചേരുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുന്ന സാഹചര്യത്തിൽ, സമയബന്ധിതമായി ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അവയുടെ നിലവിലെ കാലാവധി അവസാനിക്കുന്ന 11.11.2020 ന് മുമ്പ് പൊതു തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികളാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ച് വരുന്നത്. ഇതിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഡിലിമിറ്റേഷൻ കമ്മീഷനാണ് സ്വീകരിച്ചു വരുന്നത്. അതുകൊണ്ടുതന്നെ സമയബന്ധിതമായി ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കുമെന്നാണ് കരുതുന്നത്. |
| (ഡി) | 110 ഗ്രാമപഞ്ചായത്തുകൾ വിഭജിക്കണമെന്ന നിർദ്ദേശം നേരത്തെ തദ്ദേശഭരണ വകുപ്പ് മുന്നോട്ട് വച്ചിരുന്നോ എന്നറിയിക്കാമോ; | (ഡി) | സംസ്ഥാനത്ത് നിലവിലുള്ള വലിയ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നത് സർക്കാർ പരിഗണിച്ചിരുന്നു. എന്നാൽ സാമ്പത്തിക ബാധ്യത ഉൾപ്പടെയുള്ള വിവിധ കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയാണുണ്ടായത്. |
| (ഇ) | പ്രസ്തുത നിർദ്ദേശം ധനകാര്യ വകുപ്പ് നിരാകരിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു എന്ന് വിശദമാക്കാമോ? | (ഇ) | ഈ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകിയിരുന്നില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**